അച്ചടി വകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് വേണ്ട യോഗ്യതകൾ

220 (6139) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് നിയമനം ലഭിക്കുവാൻ വേണ്ട യോഗ്യതകൾ എന്തെല്ലാം ആണ് ;

(ബി) ഇപ്പോൾ നിലവിലുള്ള അച്ചടി വകുപ്പ് ഡയറക്ടറുടെ യോഗ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇദ്ദേഹത്തിന്റെ യോഗ്യതകൾ പ്രസ്തുത തസ്തികയ്ക്ക് അനുയോജ്യമെന്ന് കരുതുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്. & എസ്.എസ്.ആർ. പൊതുചട്ടത്തിലെ ചട്ടം 28 എ-ൽ ആണ് വകുപ്പ് മേധാവിയുടെ യോഗ്യത പ്രതിപാദിക്കുന്നത്. അതനുസരിച്ച് മെരിറ്റ് ആന്റ് എബിലിറ്റി ആണ് യോഗ്യത.

(ബി) ഇല്ല.

(സി) അനുയോജ്യമാണ്.

അച്ചടി വകുപ്പിലെ സ്ഥിരം, കരാർ ജീവനക്കാരുടെ വിശദാംശം

221 (6140) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അച്ചടി വകുപ്പിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കരാർ ജീവനക്കാരുണ്ട് ;

(സി) ഇവരിൽ പി.എസ്.സി. വഴി നിയമിച്ചവരുടേയും മറ്റ് വിധങ്ങളിൽ നിയമിച്ചവരുടേയും എണ്ണം വേർതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) താൽക്കാലിക ജീവനക്കാർക്ക് ഫെസ്റ്റിവൽ അലവൻസ്, ബോണസ് എന്നിവ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ആയവ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1875 പേർ

(ബി) കരാർ ജീവനക്കാർ ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

(സി)	പി.എസ്.സി മുഖേന	1361 പേർ
	തസ്തിക മാറ്റം മുഖേന	319 പേർ
	ആശ്രിത നിയമനം മുഖേന	131 പേർ
എംപ്ലോയ്മെന്റ് മുഖേന നിയമിതരാവുകയും പിന്നീട് റഗുലർ നിയമനം ലഭിക്കുകയും ചെയ്തവർ		60 പേർ
	സ്പോർട്സ് ക്വാട്ട മുഖേന	4 പേർ

(ഡി) അതത് വർഷങ്ങളിൽ ഒന്നാം ഓണത്തിന് മുമ്പും നാലാം ഓണത്തിനുശേഷവും ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്ക് സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് നൽകാറുണ്ട്. എന്നാൽ അച്ചടി വകുപ്പിലെ ജീവനക്കാർക്ക് പെർഫോമെൻസ് അലവൻസ്, സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ് ഇവയിൽ ഒന്ന് ഓപ്റ്റ് ചെയ്യാവുന്നതിനാൽ പെർഫോമൻസ് അലവൻസ് ഓപ്റ്റ് ചെയ്യുന്നവർക്ക് ഫെസ്റ്റിവൽ അലവൻസിന് അർഹതയില്ല. താൽക്കാലിക ജീവനക്കാർക്ക് അഡ്ഹോക്ക് ബോണസ് നൽകാറില്ല.

എസ്റ്റാബ്ലിഷ്മെന്റ് സീറ്റിൽ ജോലി ചെയ്യുന്നയാളിന്റെ വിശദാംശം

222 (6141) ശ്രീ. സി.പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പ് ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് (ഇ5) സീറ്റിൽ ഇപ്പോൾ ജോലി നോക്കുന്നതാരാണ് ; ഇയാൾ ഈ സീറ്റിൽ എത്ര കാലമായി ജോലി ചെയ്തു വരുന്നു ;

(ബി) പ്രസ്തുത ജീവനക്കാരന്റെ പേരിൽ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എന്ത് കുറ്റത്തിനാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ജീവനക്കാരനെ എസ്റ്റാബ്ലിഷ്മെന്റ് സീറ്റിൽ നിയമിക്കരുതെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ ;

(ഡി) എങ്കിൽ അദ്ദേഹത്തെ പ്രസ്തുത സീറ്റിൽ തന്നെ തുടരാൻ അനുവദിച്ചതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രീ. വി. മദനകുമാർ, യു.ഡി. ക്ലാർക്ക്. 3 വർഷം ഒൻപത് മാസം.

(ബി) ഉണ്ട് . കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്ന് ആരോപിച്ച് കുറ്റപത്രം നൽകിയിരുന്നു. ആദ്യകുറ്റമെന്ന നിലയിൽ, മൃദുല സമീപനം സ്വീകരിച്ച്, ശക്തമായ താക്കീത് നൽകി അച്ചടക്ക നടപടി അവസാനിപ്പിച്ചു. നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി അന്തർജില്ലാ സ്ഥലം മാറ്റവും തസ്തിക മാറ്റവും നടത്തിയതുമായി ബന്ധപ്പെട്ട് ടിയാനെതിരെ കുറ്റപത്രം നൽകിയിരുന്നെങ്കിലും കുറ്റക്കാരനല്ലെന്ന് കണ്ട് കുറ്റവിമുക്തനാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly